2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭൂഗർഭ ജലശോഷണം

4 (*64) ശ്രീ. എം. ഉമ്മർ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഗർഭജല ലഭ്യതയുടെയോ ശേഖരത്തിന്റെയോ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിവിധ മേഖലകളെ ക്ലാസിഫൈ ചെയ്തിട്ടുണ്ടോ ; മൊത്തം ഭൂഗർഭജല വിഭവശേഷി കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഭൂഗർഭജല ശോഷണം കണക്കിലെടുത്ത് ഏതൊക്കെ പ്രദേശത്തെ ക്രിട്ടിക്കൽ, ഓവർ എക്സ്പ്ലോയിറ്റഡ് എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ ;

(സി) കാർഷിക കാർഷികേതരാവശ്യങ്ങൾക്കായി കുഴൽക്കിണർ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിനും കിണർ കുഴിക്കുന്നതിനുമുള്ള വ്യവസ്ഥകൾ വ്യക്തമാക്കുമോ ; സ്വകാര്യ അന്യസംസ്ഥാന ഏജൻസികൾക്ക് കിണർ കുഴിക്കാൻ അനുമതി നൽകുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഭൂജല ലഭ്യതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിവിധ ബ്ലോക്കുകളെ തരംതിരിച്ചിട്ടുണ്ട്. 2011 മാർച്ച് വരെയുള്ള പഠനമനുസരിച്ച് സംസ്ഥാനത്തെ ആകെ ഭൂജല ലഭ്യത 6.07 ബില്യൻ ക്യൂബിക് മീറ്റർ എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) 2011-ലെ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ റിപ്പോർട്ട് പ്രകാരം പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷണബ്ലോക്കായും, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽബ്ലോക്കായും തരംതിരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് ജി.ഒ. (പി) നമ്പർ 58/2005 ഡബ്ല്യു. ആർ.ഡി., തീയതി 19-11-2005 എന്ന സർക്കാർ ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള 5 ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മാണത്തിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്.

1. അതിയന്നൂർ ബ്ലോക്ക്, തിരുവനന്തപുരം ജില്ല
2. കൊടുങ്ങല്ലൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ല
3. കാസർഗോഡ് ബ്ലോക്ക്, കാസർഗോഡ് ജില്ല
4. കോഴിക്കോട് ബ്ലോക്ക്, കോഴിക്കോട് ജില്ല
5. ചിറ്റൂർ ബ്ലോക്ക്, പാലക്കാട് ജില്ല

ഇതനുസരിച്ച് ഈ ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മാണത്തിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ബാധകമാക്കിയിട്ടുണ്ട്.

സ്വകാര്യ അന്യ സംസ്ഥാന ഡ്രില്ലിംഗ് ഏജൻസികൾ കുഴൽക്കിണർ നിർമ്മിക്കുന്നതിനുവേണ്ടി സംസ്ഥാന ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ ജി.ഒ. (എംഎസ്.)നമ്പർ 59/14/ജലവിഭവ തീയതി 27-6-2014 എന്ന സർക്കാർ ഉത്തരവിൻപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പട്ടികജാതി കുടുംബങ്ങൾക്കുള്ള ഗൃഹനിർമ്മാണ പദ്ധതി

5 (*65) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നാക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്ക് ഗൃഹനിർമ്മാണ പദ്ധതിയിൻകീഴിൽ അനുവദിച്ച വീടുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(ബി) അനുവദിച്ചതിൽ ഭൂരിഭാഗം വീടുകളുടെയും പണി പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കുമോ ;

(സി) വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാനായി പ്രത്യേക ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly